# CAREER Updates
# പത്രവൃത്താന്തം

02.08.2024 (വെള്ളി)



- കരസേന മെഡിക്കൽ സർവീസസിലെ ആദ്യ വനിതാ ഡയറക്ടർ ജനറലായി 2024 ആഗസ്റ്റിൽ നിയമിതയായത്
- ✔ ലെഫ്. ജനറൽ സാധന സക്സേന നായർ
- സായുധസേന ഹോസ്പിറ്റൽ സർവീസസ് ഡയറക്ടർ ജനറലായി സേവനമനുഷ്ഠിച്ച് വരികയായിരുന്നു സാധന സക്സേന നായർ. എയർമാർഷൽ പദവിയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചശേഷം സായുധസേന ഹോസ്പിറ്റൽ സർവീസസ് ഡയറക്ടർ ജനറലായി സേവനമനുഷ്ഠിച്ച ആദ്യ വനിത കൂടിയാണ് ഇവർ.
- ഉത്തർപ്രദേശിലെ അലഹബാദ് സ്വദേശിയായ സാധനയ്ക്ക് വിശിഷ്ട സേവാ മെഡൽ ലഭിച്ചിട്ടുണ്ട്. വ്യോമസേനയിലെ ആദ്യത്തെ എയർമാർഷൽ ദമ്പതിമാരാണ് സാധന സക്സേനയും ഭർത്താവ് കെ.പി. നായരും.

- മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഹൈദരാബാദിലെ നാഷണൽ റിമോട്ട് സെൻസിങ് സെന്റർ തയ്യാറാക്കിയ ലാന്റ്സ്ലൈഡ് അറ്റ്ലസിൽ മൂന്നാം സ്ഥാനത്തുള്ള കേരളത്തിലെ ജില്ല
- ✔ തൃശൂർ
- 17 ഇന്ത്യൻ സംസ്ഥാനങ്ങളിലെ 147 ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കപ്പെട്ട ലാന്റ്സ്ലൈഡ് അറ്റ്ലസിൽ കേരളത്തിൽ നിന്നുള്ള 14 ജില്ലകളും ഉൾപ്പെട്ടിട്ടുണ്ട്. ഏറ്റവുമധികം മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശം ഉത്തരാഞ്ചലിലെ രുദ്രപ്രയാഗ് ആണ്.
- കോടതി നടപടികളുടെ ലൈവ് സ്ട്രീമിങ്ങിനായി സ്വന്തമായി പ്ലാറ്റ്ഫോം വികസിപ്പിച്ച ഇന്ത്യയിലെ ഹൈക്കോടതി
- ✔ കേരള ഹൈക്കോടതി
- ഇന്ത്യൻ സംസ്ഥാനങ്ങളിലെ തലസ്ഥാന നഗരങ്ങൾക്കും കോർപ്പറേഷനുകൾക്കും വെവ്വേറെ അർബൻ ദുരന്തനിവാരണ അതോറിറ്റികൾ കൊണ്ടുവരുന്നതിനായി 2005-ലെ ദുരന്തനിവാരണ നിയമം ഭേദഗതി ചെയ്യുന്നതിനുള്ള ബിൽ 2024 ആഗസ്റ്റ് 1-ന് ലോക്സഭയിൽ അവതരിപ്പിച്ച കേന്ദ്ര ആഭ്യന്തര സഹമന്ത്രി
- ✔ നിത്യാനന്ദ റായ്
- ഈ ഭേദഗതി അനുസരിച്ച് കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലാണ് അർബൻ അതോറിറ്റികൾ നിലവിൽ വരുന്നത്.
- ഫുട്പാത്തിലെ അനധികൃതമായ കച്ചവടങ്ങളും കയ്യേറ്റങ്ങളും തടയുക എന്ന ലക്ഷ്യത്തോടെ അടുത്തിടെ ഓപ്പറേഷൻ ഫുട്പാത്ത് ആരംഭിച്ച കേരളത്തിലെ ജില്ല
- ✔ എറണാകുളം
- അടുത്തിടെ ഒളിമ്പിക് മത്സരങ്ങളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ഇന്ത്യൻ വനിതാ ബാഡ്മിന്റൺ താരം
- ✔ അശ്വിനി പൊന്നപ്പ

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999